**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5257** **02-11-2021 - ൽ മറുപടിയ്ക്ക്**

**കണ്ണൂർ വിമാനത്താവളത്തിൽ നിന്നും കാസർകോഡ് ജില്ലയിലേയ്ക്ക് കൂടുതൽ ബസ് സർവ്വീസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം രാജഗോപാലൻ | | Shri Antony Raju (ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കണ്ണൂർ വിമാനത്താവളത്തിൽ നിന്നും കാസർഗോഡ് ജില്ലയിലേക്കും തിരിച്ചും കൂടുതൽ കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസുകൾ അനുവദിക്കുമോ; | (എ) | കാസർഗോഡ്-കണ്ണൂർ റൂട്ടിൽ കോവിഡ് വ്യാപനത്തിന് മുമ്പ് നടത്തിയിരുന്ന എല്ലാ സർവ്വീസുകളും നിലവിലും നടത്തി വരുന്നുണ്ട്. കണ്ണൂർ വിമാനത്താവളത്തിലേയ്ക്കുള്ള ഗൾഫ് കണക്ട് സർവ്വീസുകൾ കോവിഡ് നിയന്ത്രണങ്ങളും വ്യാപനവും കുറയുന്ന മുറയ്ക്ക് എ.സി. ലോ ഫ്ളോർ ബസ്സുകൾ ഉപയോഗിച്ച് കൂടുതൽ യാത്രാ സൗകര്യം ഒരുക്കുന്നതിനും അതുവഴി കോർപ്പറേഷന്റെ വരുമാന വർദ്ധനവിനും ലക്ഷ്യമിട്ടിട്ടുണ്ട്. |
| (ബി) | ഈ മേഖലയിലെ യാത്രാക്ലേശം പരിഹരിക്കാൻ അടിയന്തര നടപടികൾ സ്വീകരിക്കുമോ? | (ബി) | ലോക്ക്ഡൗണിൽ ഇളവുകൾ പ്രഖ്യാപിച്ചതിനെ തുടർന്ന്, 2021 മാർച്ച് മാസം നടത്തി വന്നിരുന്ന എല്ലാ സർവ്വീസുകളും ഇതിനോടകം പുനരാരംഭിച്ചിട്ടുണ്ട്. കെ.എസ്.ആർ.ടി.സി. ബസ്സുകളുടെ അഭാവത്താൽ പ്രതിദിന സർവ്വീസുകൾക്ക് മുടക്കം വരാത്ത രീതിയിൽ ബസ്സുകൾ ക്രമീകരിക്കുന്നതിനായി ഒരു ജില്ലാതല സംവിധാനം ആരംഭിച്ചിട്ടുണ്ട്. ഏതെങ്കിലും സർവ്വീസുകൾ ബസ്സുകളുടെ അഭാവത്താൽ മുടങ്ങുന്ന സാഹചര്യത്തിൽ കേന്ദ്രീകൃത ജില്ലാ സംവിധാനത്തിൽ നിന്നും ബസ് ഉറപ്പ് വരുത്തുന്നതിനുള്ള ക്രമീകരണം ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ കെ.എസ്. ആർ.ടി.സി നടത്തുന്ന ദീർഘദൂര സർവ്വീസുകൾക്ക് ആവശ്യമായ ബസ്സുകളും ക്രമീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ